REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **യേശു ദേവന്റെ പീഡാനുഭവ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മേയ് രണ്ടിന് രാവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന് മന്ത്രി VN. വാസവൻ.**
- **പൊതു ഭരണത്തിലെ മികവിന് പ്രധാനമന്ത്രിയുടെ പുരസ്കാരത്തിന് കാസർകോട് പരപ്പ ബ്ലോക്ക് അർഹമായി.**
- **കുടുംബശ്രീ വനിതാ സംരംഭകർക്ക് വൈദ്യുതി സൈക്കിളുകൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് പാലക്കാട് ആലത്തൂരിൽ ഇന്ന് തുടക്കമാകും.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

യേശു ക്രിസ്തുവിന്റെ പീഡാനുഭവ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. ലോകത്തിന്റെ പാപം സ്വയമേറ്റ് കുരിശുമരണം വരിച്ച യേശുദേവന്റെ ത്യാഗവും മഹത്വവും സഹനവുമാണ് ദുഃഖവെള്ളി ഓർമ്മിപ്പിക്കുന്നത്.

ന്യൂസ് ഡെസ്ക് തയാറാക്കിയ റിപ്പോർട്ട്..

.........വോയ്സ്.......

കാൽവരിയിലെ പീഡാസഹനവും കുരിശുമരണവും അനുസ്മരിച്ച് ദേവാലയങ്ങളിൽ ഇന്ന് തിരുകർമ്മങ്ങളും ശുശ്രൂഷകളും ഉണ്ടായിരിക്കും. ബൈബിൾ പരാമർശം ഓർമ്മിപ്പിക്കുന്ന കയ്പുനീർ രുചിക്കുന്ന ആചാരവും പലയിടത്തും സംഘടിപ്പിക്കും.

ദു:ഖവെള്ളി ദിനത്തിൽ, കോഴിക്കോട് താമരശേരി ചുരത്തിൽ കുരിശിന്റെ വഴി നടക്കും. അടിവാരം ഗദ്സമേൻ ഗ്രോട്ടോയിൽ നിന്നും രാവിലെ ഏഴിന് വിശ്വാസികൾ പ്രാർത്ഥനകൾ ഉരുവിട്ട്, ചുരം കയറ്റം ആരംഭിക്കും. തുടർന്ന് 15 കിലോമീറ്ററോളം നടന്ന് ലക്കിടി മൗണ്ട് സീനായി ദേവാലയത്തിലെത്തും.

പീഡാനുഭവയാത്ര ലക്കിടി ദേവാലയത്തിൽ എത്തിയ ശേഷം സമാപന പ്രാർത്ഥനയും, കുരിശിന്റെ തിരുശേഷിപ്പ് ആശീർവാദവും നടക്കും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മേയ് രണ്ടിന് രാവിലെ 11ന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന് മന്ത്രി VN. വാസവൻ അറിയിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ഇത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചതായി മന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

....വോയ്സ്.......

കഴിഞ്ഞ ഡിസംബർ മൂന്നിന് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയ വിഴിഞ്ഞത്ത് ഇതുവരെ 263 കപ്പലുകൾ എത്തിയിരുന്നു. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇന്ത്യയിലെ ദക്ഷിണ, പശ്ചിമ തീരത്തെ തുറമുഖങ്ങളിലെ ചരക്കു നീക്കത്തിൽ വിഴിഞ്ഞമാണ് ഒന്നാം സ്ഥാനത്ത്. ഇന്ത്യയിൽ ഇതുവരെ എത്തിയ കപ്പലുകളിൽ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാവുന്ന MSC Turkiye ഉൾപ്പെടെ വിഴിഞ്ഞത്ത് സുഗമമായി ബെർത്ത് ചെയ്തു.

2028നകം അടുത്ത ഘട്ടം പൂർത്തീകരിക്കുമ്പോൾ തുറമുഖത്തിന്റെ കുറഞ്ഞ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU ആയിരിക്കും. ഇതിനായി 10,000 കോടി രൂപയുടെ ചിലവാണ് കണക്കാക്കിയിരിക്കുന്നത്. ഈ തുക പൂർണ്ണമായും അദാനി പോർട്സ് ആയിരിക്കും ചെലവഴിക്കുകയെന്ന് മന്ത്രി VN വാസവൻ പറഞ്ഞു.

✪✪✪

ഇന്ന് ലോക പൈതൃകദിനം. പ്രകൃതി ദത്തവും സാസ്കാരികവുമായ പൈതൃകത്തെ ആദരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമാണ് എല്ലാവർഷവും ഏപ്രിൽ 18 ലോക പൈതൃകദിനമായി ആചരിക്കുന്നത്. ദുരന്തങ്ങളിൽ നിന്നും

സംഘർഷങ്ങളിൽ നിന്നും ഭീഷണി നേരിടുന്ന പൈതൃകം എന്നതാണ് ഈ വർഷത്തെ പ്രമേയം. സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും പ്രാധാന്യം ഈ ദിനം ഓർമിപ്പിക്കുന്നു. ഇന്ന് രാജ്യത്തുടനീളം എല്ലാ സംരക്ഷിത സ്മാരകങ്ങളിലും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ ത്തിന്റേയും എന്റെ കേരളം പ്രദർശന വിപണന മേളയുടേയും സംസ്ഥാന തല ഉദ്ഘാടനം അടുത്ത തിങ്കളാഴ്ച കാസർകോട് കാലിക്കടവ് മൈതാനത്ത് നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ 21ന് രാവിലെ പരിപാടികൾ ഉദ്ഘാടനം ചെയ്യും. മെയ് 30 വരെ എല്ലാ ജില്ലകളിലും മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാ - മേഖലാ തല യോഗങ്ങൾ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. തിരുവനന്തപുരത്താണ് വാർഷികാഘോഷ സമാപനം.

✪✪✪

നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് മുഖ്യമന്ത്രി യുവ ജനങ്ങളുമായി സംവദിക്കുന്ന 'മുഖാമുഖം' പരിപാടി മെയ് മൂന്നിന് മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടത്തും. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 2000ത്തിലേറെ യുവജന പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. സംസ്ഥാന വികസനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉൾപ്പെടെ വിഷയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്യും.

കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 68-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 30-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

പൊതു ഭരണത്തിലെ മികവിന് പ്രധാനമന്ത്രിയുടെ പുരസ്കാരത്തിന് കാസർകോട് പരപ്പ ബ്ലോക്ക് അർഹമായി. സിവിൽ സർവീസ് ദിനമായ ഏപ്രിൽ 21ന് ന്യൂഡൽഹിയിൽ ജില്ലാ കലക്ടർ K ഇമ്പശേഖരൻ പുരസ്കാരം ഏറ്റുവാങ്ങും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P. ജഗന്നിവാസൻ.

.......വോയ്സ്.........

✪✪✪

ഉദ്യോഗാർത്ഥികൾക്ക് സ്വന്തം നാട്ടിൽ തന്നെ തൊഴിൽ ലഭിക്കുന്ന സാഹചര്യം ഒരുക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. എറണാകുളം കരുമാല്ലൂർ ഖാദി ഉൽപാദന കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന് തറക്കല്ലിടുകയായിരുന്നു മന്ത്രി.

✪✪✪

'ഗ്രാമീണ വനിതകൾക്ക് വൈദ്യുതി സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം' പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന്. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. പാലക്കാട്, കണ്ണൂർ ജില്ലകളിലെ 600 കുടുംബശ്രീ വനിതാ സംരംഭകർക്കാണ് പദ്ധതിയിൽ ഇ-സൈക്കിളുകൾ വിതരണം ചെയ്യുന്നത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ, ഊർജ്ജ വകുപ്പുകൾ ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

.......വോയ്സ്.........

കുടുംബശ്രീ വനിതകളുടെ കാര്യശേഷി വർദ്ധനവും സംരംഭകത്വ വികസനവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.40 വയസിൽ താഴെ പ്രായമുള്ളവരും ജോലിയുടെ ഭാഗമായി പ്രതിദിനം അഞ്ചു കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടി വരുന്നവരുമായ വനിതാ സംരംഭകർക്കാണ് ഇ.സൈക്കിളുകൾ വിതരണം ചെയ്യുന്നത്. ആദ്യ ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ 250 ഉം കണ്ണൂർ ജില്ലയിൽ 350 ഉം ഇ-സൈക്കിളുകളാണ് വിതരണം ചെയ്യുക. 33,000 രൂപ വിലയുള്ള ഒരു സൈക്കിളിന് . 3000 രൂപയാണ് ഗുണഭോക്താവ് അടക്കേണ്ടത്. 6400 രൂപ ഊർജവകുപ്പും ബാക്കി തുക ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമാണ് നൽകുക. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഇ.സൈക്കിൾ ഒരു തവണ ചാർജ് ചെയ്താൽ 40 കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ കഴിയും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരു M.ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

KPL ഫുട്ബോളിൽ മഞ്ചേരിയിൽ, കോവളം FC, റിയൽ മലബാർ FCയെ ഒന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചു.

കുന്നംകുളത്ത് മറ്റൊരു മത്സരത്തിൽ കേരളാ പൊലീസ്, PFC കേരളയെ ഒന്നിനെതിരെ രണ്ട് ഗോളിനും പരാജയപ്പെടുത്തി.

ഇന്ന് കുന്നംകുളത്ത്, മുത്തൂറ്റ് FAയും, FC കേരളയും ഏറ്റുമുട്ടും.

✪✪✪

പൈങ്കുനി ഉത്രം ഉത്സവം, വിഷു, മേടമാസപൂജകൾ എന്നിവ പൂർത്തിയാക്കി ശബരിമലയിൽ ഇന്നു രാത്രി 10ന് നട അടയ്ക്കും. ഇന്നു വൈകിട്ട് ആറിനുശേഷം തീർഥാടകരെ പമ്പയിൽ നിന്നു സന്നിധാനത്തേക്ക് മലകയറാൻ അനുവദിക്കില്ല.

✪✪✪

ശബരിമല സന്നിധാനത്ത് പുതിയ ഭസ്മക്കുളത്തിന്റെ നിർമ്മാണം രാവിലെ ഉദ്ഘാടനം ചെയ്യും. എട്ടരയ്ക്കും ഒമ്പതരയ്ക്കും ഇടയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് PS പ്രശാന്ത്, ശബരിമല തന്ത്രി കണ്ഠരര് രാജീവര് എന്നിവർ ചേർന്നാണ് പ്രവൃത്തികൾക്ക് തുടക്കമിടുന്നത്. 18-ാം പടിക്ക് മുന്നിൽ വലിയ നടപ്പന്തലിന് പിറകിലാണ് പുതിയ ഭസ്മക്കുളം നിർമ്മിക്കുന്നത്.

✪✪✪

പട്ടികവർഗ്ഗ വികസന വകുപ്പ് വടകര പുതുപ്പണത്ത് ആരംഭിക്കുന്ന പുതിയ പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം മന്ത്രി OR കേളു ഉദ്ഘാടനം ചെയ്തു.

ഉന്നത വിദ്യാഭ്യാസ മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും വലിയ മുന്നേറ്റം ഉണ്ടായതായി മന്ത്രി പറഞ്ഞു.

✪✪✪

കുറ്റിപ്പുറത്ത് ഭാരതപ്പുഴയിൽ ഒഴുക്കിൽപ്പെട്ട് രണ്ട് പേർ മരിച്ചു. തവനൂർ മദിരശ്ശേരി ആബിത, സഹോദര പുത്രൻ ആനക്കര സ്വദേശി മുഹമ്മദ് ലിയാൻ എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകിട്ട് കുളിക്കാനിറങ്ങിയ ലിയാൻ ഒഴുക്കിൽപ്പെട്ടത് കണ്ട് രക്ഷിക്കാൻ ഇറങ്ങിയതായിരുന്നു ആബിത.

✪✪✪

NCC ഡയറക്ടർ ജനറൽ ഗുർബീർ പാൽസിംഗ് അഞ്ച് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്നെത്തും. നാളെ കണ്ണൂർ DSC കേന്ദ്രത്തിൽ NCC കേഡറ്റുകളുമായും ഓഫീസർമാരുമായും അദ്ദേഹം സംവദിക്കും. തുടർന്ന് കണ്ണൂരിലെ NCC 31 കേരള ബറ്റാലിയൻ ആസ്ഥാനം അദ്ദേഹം സന്ദർശിക്കും. അടുത്ത ബുധനാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✪✪✪

ചരക്ക് വാഹനങ്ങളുമായി ബന്ധപ്പെട്ട ഗതാഗത നിയമ ലംഘനങ്ങൾക്കെതിരെ കേരള പോലീസിന്റെ ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 32 ലക്ഷത്തി 49,000 രൂപ പിഴ ഈടാക്കി. 84 കേസുകളും രജിസ്റ്റർ ചെയ്തു.

ഏഴ് ദിവസത്തെ പരിശോധനയിൽ പതിനായിരത്തിലേറെ നിയമലംഘനങ്ങൾ കണ്ടെത്തി.

✪✪✪

KSRTC ടൂർ പാക്കേജിൽ ഗവിയിലേക്ക് പോയി വനമേഖലയിൽ കുടുങ്ങിയ 38 അംഗ സംഘത്തെ ഇന്നലെ വൈകിട്ടോടെ തിരികെ എത്തിച്ചു. ഇന്നലെ പുലർച്ചെ ചടയമംഗലത്ത് നിന്ന് ഗവിയിലേക്ക് പോയ ബസാണ് പതിനൊന്നരയോടെ മൂഴിയാറിലെ വനമേഖലയിൽ തകരാറിലായത്.

✪✪✪

പല മാധ്യമങ്ങളും മുൻകൂട്ടി അജണ്ട നിശ്ചയിച്ചാണ് പ്രവർത്തിക്കുന്നതെന്ന് JNU വൈസ് ചാൻസലർ പ്രൊഫ.ശാന്തിശ്രീ ധുലിപുടി പണ്ഡിറ്റ് പറഞ്ഞു. കോഴിക്കോട് മാഗ്കോമിലെ പ്രഥമ ജേണലിസം PG ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയായിരുന്നു അവർ.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ചിലയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, നിഷിദ*
*DEO: സി കെ സുബോധ്*